പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4140 — 21.07.2015-ൽ മറുപടിക്ക്

## നഗരശുചീകരണത്തിനായുള്ള പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും)<br>വകുപ്പു മന്ത്രി) |
| (എ) നഗര ശുചീകരണം സംബന്ധിച്ച പുതിയ പദ്ധതികൾ എന്തെല്ലാമാണെന്ന് പറയാമോ, ഇവയിലേതെല്ലാം നടപ്പിലാക്കിയെന്നും ഏതെല്ലാം നഗരസഭകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും പറയാമോ? | (എ) നഗരശുചീകരണം സംബന്ധിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1) പൊതു സ്ഥലങ്ങളിൽ സാനിട്ടറി കോംപ്ലക്സുകൾ<br>2) പ്രകൃതി സൗഹൃദ വസ്തു നിർമ്മാണ യൂണിറ്റുകൾക്ക് പ്രോൽസാഹനം<br>3) എക്സ്റ്റൻഡഡ് പ്രോഡ്യൂസർ ഉത്തരവാദിത്വ പ്രോൽസാഹനം<br>പ്രസ്തുത പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ നഗരസഭകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) നഗരപരിസരങ്ങളും വ്യാപാര സമുച്ചയങ്ങളുടെ പരിസരങ്ങളും മാർക്കറ്റ് പരിസരങ്ങളും മാരകമായ പകർച്ച വ്യാധികൾക്ക് കാരണമാകാവുന്നവിധം മാലിന്യങ്ങൾ നിറഞ്ഞ് ജന ജീവിതം ദുസ്സഹമായ അവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ, പ്രസ്തുത അവസ്ഥ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് പറയാമോ, ഇതിനുവേണ്ടി ഓരോ നഗരസഭയ്ക്കും അനുവദിച്ചിട്ടുള്ള | (ബി) ഇതു സംബന്ധമായ ചില പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്<br>പ്രശ്നപരിഹാരത്തിനായി നഗരപ്രദേശങ്ങളിലെ ഖര-ദ്രവ മാലിന്യ പരിപാലനത്തിനുള്ള പദ്ധതിയിൽ ചുവടെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി നഗരസഭകളുടെ പ്രോജക്ടുകൾക്ക് സഹായം നൽകി വരുന്നു. |

**തുക എത്രയാണെന്ന് പറയാമോ?**

1) ഉറവിട മാലിന്യ സംസ്കരണം
2) പൊതു മാലിന്യ സംസ്കരണ പ്ളാന്റുകൾ സ്ഥാപിക്കലും നിലവിലുള്ള പ്ളാന്റുകളുടെ ആധുനികവൽക്കരണവും
3) ആധുനിക അറവുശാല നിർമ്മാണം
4) വിവര വിജ്ഞാന വ്യാപന പ്രവർത്തനവും ശേഷീവികസനവും
5) നഗരസഭകളിലെ ദ്രവ മാലിന്യ സംസ്കരണം
6) പ്രീമൺസൂൺ ക്ളീനിംഗ് ആക്റ്റിവിറ്റി
7) പൊതു സ്ഥലങ്ങളിൽ സാനിട്ടറി കോംപ്ളക്സുകൾ
8) പ്രകൃതി സൗഹൃദ വസ്തു നിർമ്മാണ യൂണിറ്റുകൾക്ക് പ്രോൽസാഹനം
9) എക്സ്റ്റൻഡഡ് പ്രോഡ്യൂസർ ഉത്തരവാദിത്വ പ്രോൽസാഹനം

നഗരസഭകൾക്ക് അവരുടെ ആവശ്യപ്രകാരം ഇക്കാര്യങ്ങളിലുള്ള പ്രോജക്ട് തയ്യാറാക്കി നൽകാവുന്നതാണ്. പ്രോജക്ടിന്റെ സാങ്കേതിക സാമ്പത്തിക മികവ് പരിശോധിച്ച് ധനലഭ്യതയ്ക്കനുസരിച്ച് സഹായവും നൽകി വരുന്നു. ഇത്തരം പ്രൊപ്പോസലുകൾ സമർപ്പിച്ച് സാങ്കേതികാനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കിയ നഗരസഭകളുടെ വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.

**(സി) നഗര പരിസരങ്ങളും വ്യാപാര സമുച്ചയങ്ങളുടെ പരിസരങ്ങളും മാർക്കറ്റ് പരിസരങ്ങളും ശുചീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാ**

(സി) മാലിന്യ സംസ്കരണ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ഘട്ടംഘട്ടമായി മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളു. ഇതിലേക്കായി സർക്കാർ തല

**ക്കാത്ത നഗരസഭകൾക്കെതിരെ എന്ത് നടപടികളാണ് കൈക്കൊളളുന്നതെന്ന് പറയാമോ?**

ത്തിൽ നിന്നും വേണ്ടുന്ന നിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകിവരുന്നു. മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പാക്കേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. എന്നാൽ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ